# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2568 — 19/3/2015 -ൽ മറുപടിക്ക്

## മറവൻതുരുത്ത് പ്രദേശത്തെ കുടിവെള്ള പ്രശ്നം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജിക്കാ ചേർത്തല പ്രോജക്ടിന് വെള്ളം എത്തിക്കുന്ന മറവൻതുരുത്ത് പഞ്ചായത്ത് പ്രദേശത്ത് ആകെ എത്ര തവണ പൈപ്പ് പൊട്ടിയിട്ടുണ്ട്; 4 കി.മീറ്റർ പ്രദേശത്ത് പൊട്ടാത്ത പൈപ്പ് ഇടുന്നതിന് വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോട്ടയത്ത് വിളിച്ചുചേർത്ത യോഗ തീരുമാനങ്ങൾ എന്തായിരുന്നു; | (എ) ജിക്കാ ചേർത്തല പ്രോജക്ടിന് വെള്ളം എത്തിക്കുന്ന മറവൻതുരുത്ത് പഞ്ചായത്ത് പ്രദേശത്ത് ആകെ എട്ട് തവണ പൈപ്പ് പൊട്ടിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 20/10/2014-ൽ കോട്ടയത്ത് വിളിച്ചു ചേർത്ത യോഗത്തിൽ, ചേർത്തല പദ്ധതിക്കായി സ്ഥാപിച്ചിട്ടുള്ള ജി.ആർ.പി പൈപ്പ് മാറ്റി അതേ റോഡിലൂടെ വീണ്ടും സ്ഥാപിക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് നദിക്കരയിൽ പൈപ്പ് സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ചതിനെ തുടർന്ന്, ജല അതോറിറ്റി ആവശ്യപ്പെടുന്ന വീതിയിൽ മുഴുവൻ സ്ഥലവും 60 ദിവസത്തിനുള്ളിൽ (19/12/2014-ന് മുമ്പായി) മറവൻതുരുത്ത് പഞ്ചായത്ത് അതോറിറ്റിക്ക് കൈമാറണമെന്നും ഇല്ലെങ്കിൽ 61-ാം ദിവസം നിലവിൽ പൈപ്പ് സ്ഥാപിച്ചിട്ടുള്ള അതേ റോഡിലൂടെ പുതിയ പൈപ്പ് സ്ഥാപിക്കും എന്ന വ്യവസ്ഥയോടെ പ്രസ്തുത അഭ്യർത്ഥന പ്രകാരമുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തു. |
| (ബി) ഇതുപ്രകാരം പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; | (ബി) യോഗതീരുമാനപ്രകാരം 60 ദിവസത്തിനുള്ളിൽ മറവൻതുരുത്ത് പഞ്ചായത്ത് സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറാത്തതിനാൽ 22/12/2014-ൽ പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | അധികൃതർക്ക് ആലപ്പുഴ പ്രോജക്റ്റ് മാനേജർ പ്രസ്തുത വിവരം കാണിച്ച് കത്ത് നൽകുകയും നിലവിലുള്ള റോഡിലൂടെ പൈപ്പിടുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തു. |
| (സി). | പൈപ്പ് മാറ്റി സ്ഥാപിക്കാത്തതിനാൽ പകൽ സമയം മാത്രമുള്ള പമ്പിങ്ങ് കൊണ്ട് കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമം നേരിടുന്നതും പ്രസ്തുത പ്രോജക്റ്റ് ഗുണം ലഭിക്കാതെ പോകുന്നതും എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. പഞ്ചായത്ത് ആവശ്യമായ സ്ഥലം ലഭ്യമാക്കാത്തതിനാൽ വാട്ടർ അതോറിറ്റിക്ക് നിലവിലുള്ള റോഡിലൂടെ തന്നെ പുതിയ പൈപ്പ് സ്ഥാപിക്കേണ്ടിയിരിക്കുന്നു. ആയതിലേക്കുള്ള പ്രൊപ്പോസൽ വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ